**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3029** **04-08-2021 - ൽ മറുപടിയ്ക്ക്**

**നിയമനങ്ങളുടെ കണക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2021 ഏപ്രിൽ 1 ന് അവസാനിച്ച പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് പട്ടികയിൽ നിന്നും നടന്ന നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ എൽ.ഡി.ക്ലാർക്ക് (കാറ്റഗറി നമ്പർ: 414/2016) തസ്തികയിലേക്ക് ഇതുവരെ 802 പേർക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. 01-04-2021 ന് കാലാവധി അവസാനിക്കേണ്ടിയിരുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 04/08/2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല. |
| (ബി) | കോവിഡ് പ്രതിസന്ധിമൂലവും, ഇനിയും പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുമൂലവും ഉള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പാലക്കാട് ജില്ലയിൽ എൽ.ഡി.ക്ലാർക്ക് (കാറ്റഗറി നമ്പർ: 414/2016) തസ്തികയിലേക്ക് ഇതുവരെ 802 പേർക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്. 01-04-2021 ന് കാലാവധി അവസാനിക്കേണ്ടിയിരുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 04/08/2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ